**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 281** **10.07.2015 ലെ മറുപടിയ്ക്ക്**

## ആഗോള പ്രവാസി മലയാളി സംഗമം

ചോദ്യം

ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. വർക്കല കഹാർ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ടി. എൻ. പ്രതാപൻ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആഗോള പ്രവാസി മലയാളി സംഗമം സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2015 ജനുവരി 16,17 തീയ്യതികളിൽ ആഗോള പ്രവാസി മലയാളി സംഗമം കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി. |
| (ബി) | സംഗമത്തിൽ സംസ്ഥാനം എന്തെല്ലാം കാര്യങ്ങളാണ് അവതരിപ്പിച്ചിട്ടുളളത്; | (ബി) | ആഗോള പ്രവാസി മലയാളി സംഗമത്തിൽ പ്രവാസി മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്തു.<br><br>പ്രവാസി മലയാളികളുടെ ലോകം - പ്രശ്നങ്ങൾ, വെല്ലുവിളികൾ, അവസരങ്ങൾ, ഗൾഫ്, യൂറോപ്പ് & അമേരിക്ക എന്നീ പ്രത്യേക സെഷനുകൾ, പ്രവാസി വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ, പ്രവാസികൾക്ക് അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ നിക്ഷേപിക്കുവാനുള്ള അവസരങ്ങൾ; മലയാളവും കേരള സംസ്കാരവും: പ്രവാസി മലയാളിക്ക് മേലുള്ള സ്വാധീനം, പ്രവാസി ക്ഷേമത്തിന് സമൂഹത്തിന്റെ പങ്ക് തുടങ്ങിയ വിഷയങ്ങൾ സെഷൻ അടിസ്ഥാനത്തിൽ വിശദമായ ചർച്ചയ്ക്കായി സർക്കാർ മുന്നോട്ട് |

| | | | |
|---|---|---|---|
| | | | വച്ചിരുന്നു. കൂടാതെ വിവിധ പ്രവാസി സംഘടനകളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഇന്ററാക്ടീവ് സെഷനും സംഗമത്തിലെ പ്രതിനിധികളുടെ തുറന്ന അഭിപ്രായത്തിന് വേദി ഒരുക്കിക്കൊണ്ട് മുഖ്യമന്ത്രിയും നോർക്ക വകുപ്പ് മന്ത്രിയും പങ്കെടുത്ത ഓപ്പൺ ഫോറവും സംഘടിപ്പിച്ചിരുന്നു. |
| (സി) | സംഗമത്തിൽ എന്തെല്ലാം വിഷയങ്ങളാണ് ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്; | (സി) | മുകളിൽ അവതരിപ്പിച്ച വിഷയങ്ങൾ കൂടാതെ ഇന്ത്യയ്ക്കകത്തും പുറത്തും താമസിക്കുന്ന പ്രവാസികളുടെ വിവിധ വിഷയങ്ങളും സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പ്രവാസി മലയാളികളുടെ കുടുംബം നാട്ടിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ, അവരുടെ സ്വത്തും ആസ്തികളും സംബന്ധിച്ച പ്രശ്നങ്ങൾ, പ്രവാസികളുടെ യാത്രാ സൗകര്യം സംബന്ധിച്ച വിഷയം, പ്രവാസികൾക്ക് ലഭ്യമാക്കേണ്ട സഹായങ്ങൾ സംബന്ധിച്ച വിഷയം , ഔപചാരിക വിദ്യാഭ്യാസമില്ലാത്ത പ്രവാസി മലയാളികൾക്ക് നൈപുണ്യ സർട്ടിഫിക്കറ്റ് നൽകുന്ന വിഷയം തുടങ്ങിയവയാണ് അവയിൽ പ്രധാനപ്പെട്ടവ. |
| (ഡി) | പ്രസ്തുത ചർച്ചകളിന്മേൽ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | ആഗോള പ്രവാസി മലയാളി സംഗമത്തിൽ നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ നോർക്ക വകുപ്പ് മന്ത്രി നടത്തിയ പ്രഖ്യാപനങ്ങളും അവയിന്മേൽ സ്വീകരിച്ച തുടർ നടപടികളും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നം | പ്രഖ്യാപനങ്ങൾ | നടപടികൾ |
|---|---|---|
| 1 | പ്രവാസികളുടെ സ്വത്തുക്കളും സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് അർദ്ധ നീതിന്യായ അധികാരമുള്ള എൻ.ആർ.ഐ കമ്മീഷൻ രൂപീകരിക്കും. | എൻ.ആർ.ഐ കമ്മീഷൻ രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. |
| 2 | പ്രൊഫഷണൽ മേഖലകളിൽ തൊഴിൽ പരിചയമുള്ള, എന്നാൽ വിദ്യാഭ്യാസ യോഗ്യത നേടിയിട്ടില്ലാത്തവരുമായ പ്രവാസികൾക്ക് തനതു മേഖലകളിൽ നൈപുണ്യത്തിന് സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കും. | ഇക്കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| 3 | കേരളത്തിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെക്കുറിച്ച് പ്രവാസികളുടെ കുട്ടികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി പ്രവാസി എഡ്യൂക്കേഷൻ സെൽ രൂപീകരിക്കും. | പ്രവാസി എഡ്യൂക്കേഷൻ സെൽ രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ച് വരുന്നു. |
| 4 | കേരളത്തിലെ വിമാനത്താവളങ്ങളെ ഇന്റർനാഷണൽ എയർപോർട്ട് ഹബ്ബിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടും. | ഇതു സംബന്ധിച്ച് നോർക്ക വകുപ്പ് മന്ത്രി 03.03.2015-ന് കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രിയ്ക്ക് കത്തയച്ചിട്ടുണ്ട്. |
| 5 | പ്രവാസികൾക്കായി നയങ്ങൾ, പദ്ധതികൾ, പ്രോജക്ടുകൾ എന്നിവ രൂപം നൽകുന്നതിനായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നോർക്ക അഡ്വൈസറി ബോർഡ് രൂപീകരിക്കും | ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

| | | |
|---|---|---|
| 6 | വിവിധ രാജ്യങ്ങളിൽ വിവിധ മേഖലകളിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായി പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ മാനവ വിഭവശേഷിയും നൈപുണ്യവും വർദ്ധിപ്പിക്കും | വിദേശ റിക്രൂട്ട്മെന്റ് പ്രക്രിയ സുഗമമായി നടത്തുന്നതിന് കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സിന്റെയും ഒ.ഡി.ഇ.പി.സി യുടെയും അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7 | . സംസ്ഥാന വികസനത്തിന് പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കും. | പ്രവാസി നിക്ഷേപം സംസ്ഥാന വികസനത്തിനുതകും വിധത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നത് പരിശോധിച്ചു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ